# ഗവൺമെന്റ് വിക്ടോറിയ കോളേജ്, പാലക്കാട്

(കാലിക്കറ്റ് സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തത്)



## കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ് 2026-27

# പോളിങ് ടീമിനുള്ള പൊതുനിർദേശങ്ങൾ

**പോളിങ് മാന്വൽ**

| | |
|---|---|
| തിരഞ്ഞെടുപ്പ് തീയതി | **15-10-2026** |
| പോളിങ് സമയം | **രാവിലെ 9:30 – ഉച്ചയ്ക്ക് 12:30** |
| സാമഗ്രി വിതരണം | **രാവിലെ 8:00, EDUSAT റൂം** |
| കളക്ഷൻ സെന്റർ | **ഓഡിറ്റോറിയം** |

## 1 തിരഞ്ഞെടുപ്പ് ദിനം ഒറ്റനോട്ടത്തിൽ

ഗവ. വിക്ടോറിയ കോളേജിലെ കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ് **15-10-2026**-ന് രാവിലെ **9:30 മുതൽ ഉച്ചയ്ക്ക് 12:30 വരെ** നടക്കും.

| | |
|---|---|
| **8:00 AM** | EDUSAT റൂമിൽ എത്തി പോളിങ് സാമഗ്രികൾ കൈപ്പറ്റുക |
| **9:00 AM** | പോളിങ് ബൂത്തിൽ എത്തി ബൂത്തും ബാലറ്റ് ബോക്സും സജ്ജമാക്കുക |
| **9:30 AM** | കൃത്യസമയത്ത് പോളിങ് ആരംഭിക്കുക |
| **12:30 PM** | ക്യൂവിലുള്ള എല്ലാവർക്കും ടോക്കൺ നൽകുക; അവസാനത്തെ ആളും വോട്ട് ചെയ്ത ശേഷം പോൾ ക്ലോസ് ചെയ്യുക |
| **പോളിങ്ങിന് ശേഷം** | ബാലറ്റ് ബോക്സ് സീൽ ചെയ്ത്, അക്കൗണ്ട് തയ്യാറാക്കി, സാമഗ്രികൾ ഓഡിറ്റോറിയത്തിൽ എത്തിക്കുക |

## 2 പോളിങ് സാമഗ്രികൾ കൈപ്പറ്റൽ

പോളിങ് ടീം **രാവിലെ 8 മണിക്ക്** തന്നെ പോളിങ് സാമഗ്രികൾ വിതരണം ചെയ്യുന്ന **EDUSAT റൂമിൽ**

എത്തിച്ചേരണം. താഴെ പറയുന്നവ വിതരണ കേന്ദ്രത്തിൽ നിന്ന് ലഭിച്ചു എന്ന് ഉറപ്പാക്കുക:

- [ ] ബാലറ്റ് പേപ്പറുകളും ബാലറ്റ് പേപ്പർ അക്കൗണ്ടും അടങ്ങിയ കവർ
- [ ] ബാലറ്റ് ബോക്സ്
- [ ] ബാലറ്റ് ബോക്സ് പൂട്ടുന്നതിനുള്ള താഴും താക്കോലും അടങ്ങിയ കവർ
- [ ] പേപ്പർ സീൽ, സ്പെഷ്യൽ ടാഗ് എന്നിവ അടങ്ങിയ കവർ
- [ ] പോളിങ്ങിന് ആവശ്യമായ സ്റ്റേഷനറി
- [ ] പോളിങ് കൗണ്ടറുകൾ സജ്ജീകരിക്കുന്നതിനുള്ള കാർഡ്ബോർഡ്

## 3 ബൂത്ത് സജ്ജീകരണം

1. പോളിങ് ബൂത്തിൽ **രാവിലെ 9 മണിക്ക്** തന്നെ എത്തിച്ചേരുക.
2. ബൂത്തിൽ **മൂന്ന് പോളിങ് കൗണ്ടറുകൾ** സജ്ജീകരിക്കുക.
3. ആവശ്യത്തിന് വെളിച്ചം ലഭിക്കുന്ന വിധത്തിലും വോട്ടിങ്ങിന്റെ സ്വകാര്യത ഉറപ്പാക്കുന്ന വിധത്തിലും വോട്ടിങ് കൗണ്ടറുകൾ സെറ്റ് ചെയ്യുക.
4. ബൂത്തിൽ വോട്ട് ചെയ്യുന്ന വിദ്യാർഥികൾ ഏതൊക്കെ ക്ലാസുകളിൽ നിന്നാണെന്ന് മനസ്സിലാക്കി, നൽകിയിട്ടുള്ള ചാർട്ട് പേപ്പറിൽ എഴുതി ബൂത്തിന് പുറത്ത് പ്രദർശിപ്പിക്കുക.




വോട്ടിങ് കമ്പാർട്ട്മെന്റ്


GOVERNMENT VICTORIA COLLEGE, PALAKKAD
(Affiliated to the University of Calicut)
COLLEGE UNION ELECTION 2026-27

DATE 15 OCTOBER 2026 | TIME 9.30 am - 12.30 pm

BOOTH NO.
01

HISTORY
Room No. A5, III BA History Classroom, New Block, Ground Floor

STUDENTS OF THESE CLASSES VOTE IN THIS BOOTH

| HISTORY | Voters |
|---|---|
| 1ST YEAR BA HISTORY | 70 |
| 2ND YEAR BA HISTORY | 66 |
| 3RD YEAR BA HISTORY | 65 |
| 1ST YEAR MA HISTORY | 24 |
| 2ND YEAR MA HISTORY | 23 |
| TOTAL VOTERS IN THIS BOOTH | 248 |

Please check that your class is listed above before joining the queue.

RETURNING OFFICER

ബൂത്തിന് പുറത്തെ ചാർട്ട് (മാതൃക)

## പോളിങ് ഏജന്റുമാർ

റിട്ടേണിങ് ഓഫീസർ (RO) നൽകിയിട്ടുള്ള **പോളിങ് ഏജന്റ് പാസ്** കയ്യിലുള്ള ഏജന്റുമാരെ മാത്രമേ ബൂത്തിൽ പ്രവേശിപ്പിക്കാവൂ. ഏജന്റുമാർ ഉണ്ടെങ്കിൽ അവരുടെ സാന്നിധ്യത്തിൽ ബാലറ്റ് ബോക്സ് സീൽ ചെയ്യണം.


GOVERNMENT VICTORIA COLLEGE
PALAKKAD
COLLEGE UNION ELECTION 2026-27

POLLING AGENT

Name ____________________ No. 006

Booth No. ______ Signature ________________

പോളിങ് ഏജന്റ് പാസ് (മാതൃക)

## 4 ബാലറ്റ് ബോക്സ് സീൽ ചെയ്യൽ

1. ബാലറ്റ് ബോക്സ് തുറന്ന് അത് **ശൂന്യമാണെന്ന്** ഉറപ്പാക്കുക.

2. നൽകിയിട്ടുള്ള താഴും താക്കോലും ഉപയോഗിച്ച് ബോക്സ് പൂട്ടുക.
3. സാമഗ്രികളുടെ കൂടെ നൽകിയിട്ടുള്ള തുണിയിൽ ബോക്സ് പൊതിഞ്ഞ്, നൂൽ ഉപയോഗിച്ച് കെട്ടി, അരക്ക് വച്ച് സീൽ ചെയ്യുക.
4. ബൂത്ത് നമ്പർ രേഖപ്പെടുത്തിയ **സ്പെഷ്യൽ ടാഗ്** ബോക്സിൽ കെട്ടിവയ്ക്കുക.

> **ശ്രദ്ധിക്കുക:** പോളിങ് ഏജന്റുമാർ ഉണ്ടെങ്കിൽ ഈ നടപടികൾ എല്ലാം അവരുടെ സാന്നിധ്യത്തിൽ മാത്രം ചെയ്യുക.




ബൂത്ത് നമ്പർ രേഖപ്പെടുത്തിയ ബാലറ്റ് ബോക്സ്

## 5 ബാലറ്റ് പേപ്പറുകൾ

**പ്രധാന ബാലറ്റ് പേപ്പർ (A3)** എല്ലാ വിദ്യാർഥികൾക്കും

7 സ്ഥാനങ്ങളുള്ള ഒരു പേപ്പർ: ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ചീഫ് സ്റ്റുഡന്റ് എഡിറ്റർ, ഫൈൻ ആർട്സ് സെക്രട്ടറി, ജനറൽ ക്യാപ്റ്റൻ (സ്പോർട്സ് & ഗെയിംസ്).

### യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ

**എല്ലാ വിദ്യാർഥികൾക്കും**

ചെറിയ ബാലറ്റ് പേപ്പർ. ഈ പേപ്പറിൽ **2 പേർക്ക്** വോട്ട് രേഖപ്പെടുത്താൻ വോട്ടർമാരോട് നിർദേശിക്കണം.

### യു.ജി. പ്രതിനിധി

**യു.ജി. വിദ്യാർഥികൾക്ക്**

I UG, II UG, III UG പ്രതിനിധികൾക്കായി പ്രത്യേകം ബാലറ്റ് പേപ്പർ.

### അസോസിയേഷൻ സെക്രട്ടറി

**അതത് ഡിപ്പാർട്ട്മെന്റിലെ വിദ്യാർഥികൾക്ക്**

മത്സരം നടക്കുന്ന ഡിപ്പാർട്ട്മെന്റുകൾ: ബോട്ടണി, കെമിസ്ട്രി, കൊമേഴ്സ്, കമ്പ്യൂട്ടർ സയൻസ്, ഇക്കണോമിക്സ്, ഇംഗ്ലീഷ്, ഹിന്ദി, ഹിസ്റ്ററി, മലയാളം, മാത്തമാറ്റിക്സ്, ഫിസിക്സ്, സൈക്കോളജി, സംസ്കൃതം, തമിഴ്.

**പ്രധാനം:** PRO **എല്ലാ ബാലറ്റ് പേപ്പറുകളിലും** ഒപ്പുവയ്ക്കണം.

**COLLEGE UNION ELECTION 2026-27**
**GOVERNMENT VICTORIA COLLEGE, PALAKKAD**
**BALLOT PAPER**

SL. NO. ........................ ELECTORAL ROLL NO. ........................

SUBJECT ........................ SIGNATURE OF PRO ........................

SEMESTER ........................

✂- - - - - - - - - - - - - - - - - - - - - - - - - - - - CUT HERE

**COLLEGE UNION ELECTION 2026-27**
**GOVERNMENT VICTORIA COLLEGE, PALAKKAD**
**BALLOT PAPER**

SL. NO. ........................ SIGNATURE OF PRO ........................

**MARK THE VOTER'S CHOICE WITH THE MARKING SEAL IN THE SPACE PROVIDED**

| THE CHAIRPERSON | | |
|---|---|---|
| 1 | **MADHAV G**<br>THIRD YEAR BSC PHYSICS<br>ELECTORAL ROLL NO. : 1950 | |
| 2 | **MUHAMMED FATHAH N**<br>FIRST YEAR MA HISTORY<br>ELECTORAL ROLL NO. : 1486 | |
| 3 | **NOTA** | |

| THE VICE CHAIRPERSON | | |
|---|---|---|
| 1 | **ANJALI P B**<br>SECOND YEAR MA MALAYALAM<br>ELECTORAL ROLL NO. : 1668 | |
| 2 | **NAJIYA A**<br>THIRD YEAR BA HISTORY<br>ELECTORAL ROLL NO. : 1412 | |
| 3 | **POOJA K L**<br>THIRD YEAR BA HISTORY<br>ELECTORAL ROLL NO. : 1443 | |
| 4 | **NOTA** | |

| THE SECRETARY | | |
|---|---|---|
| 1 | **F MOHAMMED FAHAD**<br>FIRST YEAR BA SANSKRIT<br>ELECTORAL ROLL NO. : 2128 | |
| 2 | **SOORAJ J**<br>FIRST YEAR BA HISTORY<br>ELECTORAL ROLL NO. : 1332 | |
| 3 | **YADHAV KRISHNA K**<br>THIRD YEAR BCOM<br>ELECTORAL ROLL NO. : 529 | |
| 4 | **NOTA** | |

| THE JOINT SECRETARY | | |
|---|---|---|
| 1 | **DONA JOY**<br>SECOND YEAR BA MALAYALAM<br>ELECTORAL ROLL NO. : 1562 | |
| 2 | **NIVEDITHA T M**<br>FIRST YEAR BSC PSYCHOLOGY<br>ELECTORAL ROLL NO. : 2024 | |
| 3 | **PUNNYA J**<br>THIRD YEAR BSC CHEMISTRY<br>ELECTORAL ROLL NO. : 245 | |
| 4 | **NOTA** | |

| THE CHIEF STUDENT EDITOR | | |
|---|---|---|
| 1 | **AADARSH P**<br>FIRST YEAR BSC PHYSICS<br>ELECTORAL ROLL NO. : 1844 | |
| 2 | **MOHAMMED JABIR E**<br>SECOND YEAR BSC PSYCHOLOGY<br>ELECTORAL ROLL NO. : 2037 | |
| 3 | **NAVEEN MADHAV P**<br>SECOND YEAR BSC COMPUTER SCIENCE<br>ELECTORAL ROLL NO. : 721 | |
| 4 | **NOTA** | |

| THE SECRETARY FINE ARTS | | |
|---|---|---|
| 1 | **AMISH P RAGHAVAN**<br>SECOND YEAR BA ECONOMICS<br>ELECTORAL ROLL NO. : 888 | |
| 2 | **MOHAMMED ADNAN M H**<br>FIRST YEAR MSC CHEMISTRY<br>ELECTORAL ROLL NO. : 267 | |
| 3 | **NOTA** | |

| THE GENERAL CAPTAIN FOR SPORTS AND GAMES | | |
|---|---|---|
| 1 | **MUHAMMED MUSTHAFA C**<br>SECOND YEAR BSC MATHEMATICS<br>ELECTORAL ROLL NO. : 1737 | |
| 2 | **VAISHNAV A V**<br>THIRD YEAR BCOM<br>ELECTORAL ROLL NO. : 600 | |
| 3 | **NOTA** | |

Place the marking seal only inside the box against the candidate of your choice. One mark per post.

പ്രധാന ബാലറ്റ് പേപ്പർ (മാതൃക)

## 6 പോളിങ് ഓഫീസർമാരുടെ ചുമതലകൾ

### പ്രിസൈഡിങ് ഓഫീസർ (PRO)

എല്ലാ ബാലറ്റ് പേപ്പറുകളിലും ഒപ്പുവയ്ക്കുക; 12:30-ന് ക്യൂവിലുള്ളവർക്ക് ഒപ്പിട്ട ടോക്കൺ നൽകുക; ബാലറ്റ് പേപ്പർ അക്കൗണ്ട് രണ്ട് കോപ്പി തയ്യാറാക്കുക.

**രണ്ടാം പോളിങ് ഓഫീസർ**
ഇലക്ടറൽ റോളിന്റെ മാർക്ക്ഡ് കോപ്പി കൈകാര്യം ചെയ്യുക; ഐഡി കാർഡ് പരിശോധിച്ച് വോട്ടറെ തിരിച്ചറിഞ്ഞ ശേഷം മാർക്ക്ഡ് കോപ്പിയിൽ ഒപ്പ് വയ്പ്പിക്കുക.

**മൂന്നും നാലും പോളിങ് ഓഫീസർമാർ**
ജനറൽ ബാലറ്റുകളുടെ ചുമതല.

**അഞ്ചാം പോളിങ് ഓഫീസർ**
അസോസിയേഷൻ ബാലറ്റുകളുടെ ചുമതല; വോട്ട് ചെയ്ത ശേഷം വിദ്യാർഥികൾ എല്ലാ ബാലറ്റുകളും ബാലറ്റ് ബോക്സിൽ നിക്ഷേപിക്കുന്നു എന്ന് ഉറപ്പാക്കുക.

**ആറാം പോളിങ് ഓഫീസർ**
ബാലറ്റ് ബോക്സ് സീൽ ചെയ്യൽ; വോട്ടിങ് കൗണ്ടർ സജ്ജീകരിക്കൽ; വോട്ട് ചെയ്യാനുള്ള ആരോ ക്രോസ് മാർക്ക് സീൽ, സീൽ പാഡ് എന്നിവ കൈകാര്യം ചെയ്യൽ.



ആരോ ക്രോസ് മാർക്ക് സീൽ




സീൽ പാഡ്

## 7 വോട്ടറെ തിരിച്ചറിയൽ

വോട്ടറുടെ ഐഡി കാർഡ് പരിശോധിച്ച് ആളെ തിരിച്ചറിഞ്ഞ ശേഷം, ഇലക്ടറൽ റോളിന്റെ മാർക്ക്ഡ് കോപ്പിയിൽ

വോട്ടറെക്കൊണ്ട് ഒപ്പ് വയ്പ്പിക്കുക. തിരിച്ചറിയൽ രേഖയായി താഴെ പറയുന്നവ അനുവദനീയമാണ്:

1. ടാഗോടുകൂടിയ വിദ്യാർഥി ഐഡി കാർഡ്.
2. സ്ഥാപനത്തിൽ ചേർന്നപ്പോൾ ലഭിച്ച ഐഡി കാർഡ്. ഇതിൽ കോളേജിന്റെ സീലും പ്രിൻസിപ്പലിന്റെ ഒപ്പും ഉണ്ടായിരിക്കണം.

## ഭിന്ന ശേഷി വോട്ടർമാർ

സ്വയം വോട്ട് ചെയ്യുവാൻ സാധിക്കാത്ത ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് അവരുടെ വോട്ട് രേഖപ്പെടുത്താൻ സഹായിയുടെ സേവനം ഉപയോഗിക്കാവുന്നതാണ് (Proxy Voter). സഹായിയുടെ സേവനം ഉപയോഗിക്കുമ്പോൾ, വോട്ടറുടെ ഒപ്പ് അല്ലെങ്കിൽ വിരലടയാളം സഹിതം **സമ്മതപത്രം** സ്വീകരിക്കണം. സമ്മത പത്രത്തിന്റെ മാതൃക പരിശോധിക്കുക.

**GOVERNMENT VICTORIA COLLEGE, PALAKKAD**

(Affiliated to the University of Calicut)

**COLLEGE UNION ELECTION 2026-27**

**സമ്മതപത്രം**

LETTER OF CONSENT

........................ ക്ലാസ്സിൽ പഠിക്കുന്ന, ഇലക്ടറൽ റോളിൽ ........ എന്ന നമ്പറിൽ ഉള്ള ........................ (പേര്) എന്ന എനിക്ക് സ്വന്തമായി വോട്ട് ചെയ്യാൻ സാധിക്കാത്തതിനാൽ, ........................ ക്ലാസ്സിലെ ഇലക്ടറൽ റോളിൽ ........ എന്ന നമ്പറിൽ ഉള്ള ........................ എന്ന വിദ്യാർത്ഥിയെ എന്റെ വോട്ട് രേഖപ്പെടുത്തുന്നതിനായി പൂർണ്ണ സമ്മതത്തോടെ ചുമതലപ്പെടുത്തുന്നു.

സ്ഥലം : ____________ 

തീയതി : ____________

എന്ന്,

(ഒപ്പ്) ____________

**FOR OFFICE USE — VERIFIED BY THE PRESIDING OFFICER**

Booth No. ________ Name & Signature ____________ Date ____________

*Submit to the Presiding Officer before voting.* *College Union Election 2026-27*

സമ്മതപത്രം (മാതൃക)

# 8 പോളിങ് സമയവും പോൾ ക്ലോസിങ്ങും

1. കൃത്യം **9:30-ന്** തന്നെ പോളിങ് ആരംഭിക്കുക.
2. പോളിങ് അവസാനിക്കുന്ന സമയമായ **12:30-ന്** ക്യൂവിലുള്ള എല്ലാവർക്കും PRO ഒപ്പിട്ട ടോക്കൺ നൽകുക. ടോക്കൺ നമ്പർ 1 ക്യൂവിലെ ഏറ്റവും അവസാനത്തെ ആളിൽ നിന്ന് തുടങ്ങണം.
3. ക്യൂവിലെ അവസാനത്തെ ആളും വോട്ട് ചെയ്ത ശേഷം മാത്രം പോൾ ക്ലോസ് ചെയ്യാനുള്ള നടപടികളിലേക്ക് കടക്കുക.

## പോൾ ക്ലോസ് ചെയ്ത ശേഷം

1. ബാലറ്റ് ബോക്സിന്റെ മുകൾഭാഗത്ത് ബാലറ്റുകൾ നിക്ഷേപിക്കാൻ ഉപയോഗിച്ച **സ്ലിറ്റ് (ദ്വാരം)**, നൽകിയിട്ടുള്ള സ്റ്റിക്കർ പേപ്പർ സീൽ ഉപയോഗിച്ച് ഒട്ടിച്ച് അടയ്ക്കുക.
2. ബോക്സിന്റെ മുകൾഭാഗത്ത് ബൂത്ത് നമ്പർ കാണിക്കുന്ന **സ്പെഷ്യൽ ടാഗ്** ഒട്ടിക്കുക.




സ്റ്റിക്കർ പേപ്പർ സീൽ

പോളിങ് സമയവും പോൾ ക്ലോസിങ്ങും




ബൂത്ത് നമ്പർ സ്പെഷ്യൽ ടാഗ്

## 9 ബാലറ്റ് പേപ്പർ അക്കൗണ്ട്

1. PRO വളരെ ശ്രദ്ധയോടെ ബാലറ്റ് പേപ്പർ അക്കൗണ്ടിന്റെ **രണ്ട് കോപ്പി** തയ്യാറാക്കണം.
2. ജനറൽ ബാലറ്റുകളുടെ അക്കൗണ്ടും അസോസിയേഷൻ ബാലറ്റുകളുടെ അക്കൗണ്ടും ടാലിയാകുന്നു എന്ന് ഉറപ്പാക്കുക.
3. ഇലക്ടറൽ റോളിൽ യഥാർഥത്തിൽ ഒപ്പുവച്ച വോട്ടർമാരുടെ എണ്ണവും അക്കൗണ്ടുമായി ടാലിയാകുന്നു എന്ന് ഉറപ്പാക്കുക.
4. അക്കൗണ്ടിന്റെ **ഒരു കോപ്പി** ബാലറ്റ് ബോക്സിന് മുകളിൽ സെല്ലോ ടേപ്പ് ഉപയോഗിച്ച് ഒട്ടിക്കുക.

| BOOTH NO. |
|---|
| |

# GOVERNMENT VICTORIA COLLEGE, PALAKKAD

(Affiliated to the University of Calicut)

## COLLEGE UNION ELECTION 2026-27

### BALLOT PAPER & PAPER SEAL ACCOUNT

| POLLING STATION / BOOTH LOCATION | TOTAL NUMBER OF VOTERS IN THIS BOOTH | DATE OF POLL |
|---|---|---|
| | | |

### A. ACCOUNT OF BALLOT PAPERS

| BALLOT | ACCOUNT OF BALLOT PAPERS RECEIVED | | | ACCOUNT OF BALLOT PAPERS USED | | | NO. OF VOTES POLLED AS PER SIGNATURES IN THE MARKED COPY OF ELECTORAL ROLL | ACCOUNT OF BALLOT PAPERS RETURNED | | |
|---|---|---|---|---|---|---|---|---|---|---|
| | SERIAL NO. | | TOTAL RECEIVED | SERIAL NO. | | TOTAL USED | | SERIAL NO. | | TOTAL RETURNED |
| | FROM | TO | | FROM | TO | | | FROM | TO | |
| GENERAL | | | | | | | | | | |
| UUC | | | | | | | | | | |
| I UG REP | | | | | | | | | | |
| II UG REP | | | | | | | | | | |
| III UG REP | | | | | | | | | | |
| TOTAL – MAIN | | | | | | | | | | |
| ASSOCIATION BALLOT PAPERS | | | | | | | | | | |
| ASSOCIATION (1) | | | | | | | | | | |
| ASSOCIATION (2) | | | | | | | | | | |
| TOTAL – ASSOCIATION | | | | | | | | | | |

**Number of votes polled as per the signatures in the Marked Copy of Electoral Roll =** ____

### B. ACCOUNT OF PAPER SEALS

| PAPER SEALS RECEIVED | | | PAPER SEALS USED | | | PAPER SEALS RETURNED / DAMAGED | | |
|---|---|---|---|---|---|---|---|---|
| FROM | TO | TOTAL | FROM | TO | TOTAL | FROM | TO | TOTAL |
| | | | | | | | | |

Place: ____

Date: ____

**Signature of Polling Agents**

1. ____
2. ____

____

**Name and Signature of Presiding Officer**
(with seal)

ബാലറ്റ് പേപ്പർ & പേപ്പർ സീൽ അക്കൗണ്ട് (മാതൃക)




അക്കൗണ്ട് ഒട്ടിച്ച ബാലറ്റ് ബോക്സ്

## 10 സാമഗ്രികൾ തിരികെ ഏൽപ്പിക്കൽ

താഴെ പറയുന്നവ കളക്ഷൻ സെന്ററായ **ഓഡിറ്റോറിയത്തിൽ** ഭദ്രമായി എത്തിക്കുക:

- [ ] സീൽ ചെയ്ത ബാലറ്റ് ബോക്സ്
- [ ] ബാലറ്റ് ബോക്സിന്റെ താക്കോൽ അടങ്ങിയ കവർ
- [ ] ബാലറ്റ് പേപ്പർ അക്കൗണ്ടിന്റെ രണ്ടാമത്തെ കോപ്പി അടങ്ങിയ കവർ
- [ ] ബാക്കി വന്ന ബാലറ്റുകളുടെ കവർ
- [ ] ബാക്കി സാമഗ്രികൾ അടങ്ങിയ ബാഗ്

> **ശ്രദ്ധിക്കുക:** ഓഡിറ്റോറിയത്തിൽ ഏൽപ്പിക്കുന്നതിന് മുമ്പ് എല്ലാ ഇനങ്ങളും ഈ പട്ടിക അനുസരിച്ച് ഒന്നുകൂടി പരിശോധിക്കുക.